പതിമൂന്നാം കേരള നിയമസഭ
ഒന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 446

28.06.2011 -ൽ മറുപടിയ്ക്ക്

## ഖാദി ക്ലസ്റ്റർ പദ്ധതി

ചോദ്യം

ശ്രീ. ആർ. സെൽവരാജ്

തിരുവനന്തപുരം കൊല്ലം ജില്ലകൾക്ക് പ്രത്യേകമായി ആരംഭിച്ച ഖാദിക്ലസ്റ്റർ പദ്ധതിയുടെ പുരോഗതി വ്യക്തമാക്കാമോ ?

ഉത്തരം

ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി
( ബഹു. വ്യവസായവും വിവരസാങ്കേതികവും നഗരകാര്യവും വകുപ്പ് മന്ത്രി)

തിരുവനന്തപുരം, കൊല്ലം ജില്ലകളിലെ 10 ഖാദി സ്ഥാപനങ്ങളെ ഉൾപ്പെടുത്തി തിരുവനന്തപുരം ഖാദി ക്ലസ്റ്റർ രൂപീകരിച്ചു. ഈ സ്ഥാപനങ്ങൾക്ക് 305 പുതിയ ചർക്കകളും, 75 പുതിയ തറികളും വാങ്ങി നൽകി. 59 ചർക്കകളും, 30 തറികളും റിപ്പയർ ചെയ്തു നൽകി. തിരുവനന്തപുരം പ്രോജക്ടിന്റെ കീഴിൽ ഉഴമലയ്ക്കൽ ഖാദി ഉല്പാദനകേന്ദ്രത്തിൽ ഒരു റെഡിമെയ്ഡ് വാർപ്പിംഗ് മെഷ്യൻ വാങ്ങി നൽകി. രണ്ട് ഖാദി ഗ്രാമ സൗഭാഗ്യ ഷോറൂമുകൾ എയർ കണ്ടീഷൻ ചെയ്യുകയും മൂന്ന് ഖാദി ഗ്രാമ സൗഭാഗ്യ ഷോറൂമുകൾ കമ്പ്യൂട്ടർവൽക്കരിക്കുകയും ചെയ്തു. 258 പേർക്ക് 3 മാസം ദൈർഘ്യമുള്ള നൂൽപ്പ് പരിശീലനവും 75 പേർക്ക് 6 മാസം ദൈർഘ്യമുള്ള നെയ്ത്ത് പരിശീലനവും നടത്തി. 27 ഖാദി തൊഴിലാളികൾ ഉൾപ്പെട്ട ഗ്രൂപ്പിനെ മധുര ഖാദി ക്ലസ്റ്ററിലും തൃശൂരിലുള്ള തലപ്പള്ളി ഖാദി ക്ലസ്റ്ററിലും കൊണ്ടുപോയി സന്ദർശന പരിശീലനം (Exposure Visit) നടത്തുകയുണ്ടായി.

ഖാദി നൂൽപ്പ് തൊഴിലാളികൾക്ക് ദിവസവേതനം 45 രൂപയിൽ നിന്ന് 85 രൂപയായും, നെയ്ത്ത് തൊഴിലാളികൾക്ക് 55 രൂപയിൽ നിന്ന് 110 രൂപയായും വർദ്ധിപ്പിക്കുകയുണ്ടായി. പുതിയതായി 520 പേർക്ക് തൊഴിൽ നൽകാൻ സാധിച്ചു. ഖാദി കമ്മീഷന്റെ വിഹിതമായ 81.72 ലക്ഷം രൂപയും ഖാദിബോർഡിന്റെ വിഹിതമായ 17.49 ലക്ഷം രൂപയും ഉൾപ്പെടെ 99.21 ലക്ഷം രൂപ ഇക്കാര്യത്തിലേയ്ക്ക് ചെലവഴിക്കുകയുണ്ടായി.

സെക്ഷൻ ഓഫീസർ